പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3476 — 19.10.2016 ന് മറുപടിയ്ക്ക്.

**തൊഴിൽ അന്വേഷകർക്ക് നൂതന സാങ്കേതിക മേഖലകളിൽ പ്രത്യേക പരിശീലനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) വിദേശ രാജ്യങ്ങളിലെ തൊഴിൽ വിപണി ലക്ഷ്യം വെച്ച് നൂതന സാങ്കേതിക മേഖലകളിൽ തൊഴിൽ കാംക്ഷികൾക്ക് പ്രത്യേക പരിശീലനം നൽകുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ടോ; | (എ) & (സി) വിദേശ രാജ്യങ്ങളിലെ തൊഴിൽ വിപണി ലക്ഷ്യം വച്ചുകൊണ്ട് വ്യാവസായിക മേഖലയ്ക്കനുസൃതമായ രീതിയിൽ തൊഴിൽ ശക്തി പ്രദാനം ചെയ്യുന്നതിനായി വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന നടപ്പിലാക്കിവരുന്ന വിവിധ മികവിന്റെ കേന്ദ്രങ്ങൾ (സെന്റർ ഓഫ് എക്സലൻസ്) ചുവടെ ചേർക്കുന്നു.

I. NICE (നെഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (Nursing Institute for Career Enhancement) സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 02.07.2015 മുതൽ പ്രവർത്തിച്ചുവരുന്നു.

II. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)

സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (Centre for Advanced Training in Security) എന്ന സ്ഥാപനം, തിരുവനന്തപുരം ജില്ലയിൽ കിൻഫ്രയിൽ 29.09.2015 മുതൽ പ്രവർത്തിച്ചുവരുന്നു.

III. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for oil & Rig (ESPOIR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 06.12.2015 മുതൽ പ്രവർത്തിച്ചുവരുന്നു.

IV. CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)

ടീച്ചിംഗ് മേഖലിലെ മികവിന്റെ കേന്ദ്രമായ CRETT (Centre for Research in Education and Teacher Training) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 02.02.2016 ന് പ്രവർത്തനം ആരംഭിച്ചു.

V. CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)

തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി Entrepreneurship Development India, Ahmadabad എന്ന സ്ഥാപനവുമായി ചേർന്ന് Centre of Excellence in Entrepreneurship Development (CEED) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(IIIC) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ തൊഴിൽ പ്രൊഫഷനലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC)- ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. IIIC- ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെൻററി,പ്ലംബിംഗ് ,ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ,സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുന്നുണ്ട്. ഐ.ടി.ഐ സർട്ടിഫിക്കറ്റ്/ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പു വരുത്തുവാൻ IIIC യിലൂടെ സാധിക്കും. ബിൽഡിംഗ് കൺസ്ട്രക്ഷൻ അക്കാദമി ഓഫ് സിങ്കപ്പൂർ, നാഷണൽ കൺസ്ട്രക്ഷൻ കോളേജ് ഓഫ് യുണൈറ്റഡ് കിംങ്ഡം തുടങ്ങിയ

അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് IIIC ൽ ഒരുക്കുന്നത്. ഇതിനായി ഓപ്പറേറ്ററെ കണ്ടെത്തി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

പുതുതായി ആർക്കിടെക്ചർ ആന്റ് ഇന്റീരിയർ ഡിസൈൻ, ആട്ടോമോട്ടീവ്, ആയുർവേദ, ബ്യൂട്ടി ആന്റ് വെൽനെസ്, ഡേറ്റാ അനാലിറ്റിക്സ്, ജെംസ് ആന്റ് ജ്വല്ലറി, ഹൈടെക് ഓട്ടോമേഷൻ ആന്റ് മെക്കാട്രോണിക്സ്, മീഡിയ ആന്റ് എന്റർടെയിൻമെന്റ്, ഫിസിയോതെറാപ്പി, റീട്ടെയിൽ, റോബോട്ടിക്സ്, സ്പോർട്ട്സ്, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, വെയിസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് എന്നിവയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) തൊഴിൽ അന്വേഷകരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുവാൻ പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നുണ്ടോ;

(ബി) ഉണ്ട്. പ്രസ്തുത പദ്ധതികളുടെ ഉദ്ദേശലക്ഷ്യം അതതു മേഖലകളിൽ തൊഴിൽ അന്വേഷകരുടെ വൈദഗ്ധ്യം മെച്ചപ്പെടുത്തുകയും അതു വഴി തൊഴിൽ ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുക എന്നതാണ്.

(സി) പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ?

Bindu

സെക്ഷൻ ഓഫീസർ